WRITTEN ANSWERS

ലോക്കൽ ഡവലപ്പുമെൻറ വക്ക്സ്.

* 542. [45] ശ്രീ. പി. രവീന്ദ്രൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1954–55–ൽ ലോക്കൽ ഡവലപ്പുമെൻറ വക്ക്സിൽ എത്ര രൂപ നീക്കിവച്ചിരുന്നു;

(ബി) അതിൽ എത്ര രൂപ ചെലവായി;

(സി) 1955–56-ലേയ്ക്കു് ഈ പദ്ധതിക്കു് എത്ര രൂപ നീക്കിവച്ചിട്ടുണ്ടു്;

(ഡി) ഈ വർഷം എത്ര ജോലികൾ ഇതിനകം ഡവലപ്പുമെൻറ വക്ക്സിൽ ഉൾപ്പെടുത്തി ?

തദ്ദേശസ്വയംഭരണവകുപ്പു മന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ) :

(എ) 1954–55-ൽ ലോക്കൽ ഡവലപ്പുമെൻറ് വക്കുകൾക്കായി 30,85,000 രൂപ നീക്കിവച്ചിരുന്നു.

(ബി) പ്രസ്തുത തുകയിൽനിന്നും 1955 മാർച്ചു് അവസാനംവരെ 1,08,548 രൂപ ചെലവായിട്ടുണ്ടു്.

(സി) 1955–56-ലേയ്ക്കു് ഈ പദ്ധതിക്കു് 30,80,000 രൂപ നീക്കിവച്ചിട്ടുണ്ടു്.

(ഡി) ഈ വർഷം 15–8–1955 വരെ 413 ജോലികൾ ഡവലപ്പുമെൻറ വക്ക്സിൽ ഉൾപ്പെടുത്തിയിട്ടുണ്ടു്.

പോലീസു് ഉദ്യോഗസ്ഥന്മാരെപ്പറ്റിയുള്ള അന്വേഷണങ്ങൾ.

* 543. [50] ശ്രീ. കെ. എ. ബാലൻ : താഴെ കാണുന്ന ചോദ്യത്തിനു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പോലീസു് ഉദ്യോഗസ്ഥന്മാരെപ്പറ്റിയുള്ള പരാതികളെപ്പറ്റി അന്വേഷിക്കുമ്പോൾ സ്ഥലം എം. എൽ. എ.യും കൂടെ ഉൾപ്പെടുത്തിയുള്ള ഒരു അന്വേഷണ സമ്പ്രദായം സ്വീകരിക്കുവാൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ) :

ഈ ചോദ്യത്തിൽ സൂചിപ്പിച്ചിരിക്കുന്ന മാതിരിയിലുള്ള അന്വേഷണസമ്പ്രദായം സ്വീകാര്യമല്ല.

ബിരുദധാരിണികളായ അദ്ധ്യാപികമാരുടെ സീനിയാറിറ്റി അവഗണിച്ചുള്ള നിയമം.

* 544. [51] ശ്രീമതി കെ. ആർ. ഗൗരി : താഴെ കാണുന്ന ചോദ്യത്തിനു് മുഖ്യമന്ത്രി സദയം മറുപടി പറയുമോ :

ബിരുദധാരിണികളായ അദ്ധ്യാപികമാരുടെ സീനിയാറിറ്റി അവഗണിച്ചു് മൂന്നു കൊല്ലത്തിനിടയിൽ എത്ര ഗ്രാഡുവേറ്റ് അദ്ധ്യാപകന്മാരെ ഹെഡ് മാസ്റ്റേഴ്സ് ആക്കിയിട്ടുണ്ടു് ?

LIBRARY ARCHIVES Kerala Legislative Assembly